# കോള വിരുദ്ധസമരം: പ്ലാച്ചിമട ശ്രദ്ധാകേന്ദ്രമാകുന്നു

പാലക്കാട് ബ്യൂറോ

പാലക്കാട് : കൊക്കകോള കമ്പനി നിലകൊള്ളുന്ന പ്ലാച്ചിമട ജനകീയപ്രതിരോധപ്രവർത്തകരുടെ കർമ്മഭൂമിയാകുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വ്യാപകമായ പിന്തുണയാണ് സമരത്തിന് ലഭിക്കുന്നത്. പ്രവർത്തനപരിപാടികൾക്ക് രൂപം നൽകുന്നതിനായി തൃശ്ശൂരിൽ ചേർന്ന സംസ്ഥാനതലകൺവെൻഷൻ 51 അംഗ സംസ്ഥാനകമ്മിറ്റിയും 18 അംഗ വർക്കിംഗ്കമ്മിറ്റിയും രൂപീകരിച്ചു. സി. ആർ. നീലകണ്ഠൻ നമ്പൂതിരി, ശ്രീധരൻ തേറമ്പിൽ, ഹേമ. വി, ഭാനു എന്നിവർ കൺവീനർമാരാണ്. ജൂലായ് 31നകം എല്ലാ ജില്ലകളിലും സമരസഹായസമിതി രൂപീകരിക്കും. ജൂലായ് 12ന് വൈകീട്ട് 3ന് പാലക്കാട് പി. ഡബ്ലിയു. ഡി റസ്റ്റ്ഹൗസിൽ സംസ്ഥാനവർക്കിംഗ് കമ്മിറ്റി കൂടുന്നു. തൃശ്ശൂർ ജില്ല സമരസഹായസമിതി യോഗം ജൂലായ് 27 വൈകീട്ട് 4ന് പി. ജി. സെന്ററിൽ .